# ക്രിസ്തുവിൻറെ ശരീരത്തിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട വൈവിധ്യം ഉണ്ട്

സാക് പുന്നൻ

WFTW 10 ജനുവരി 2016

ഈ ലോകത്തിന് ക്രിസ്തുവിൻറെ സന്തുലിതമായ ഒരു ചിത്രം പ്രദർശിപ്പിക്കുവാനായി ദൈവം നമ്മുടെ വ്യത്യസ്ഥങ്ങളായ പ്രകൃതി ഗുണങ്ങളും കഴിവുകളും ഉപയോഗിക്കുന്നു. നമ്മിൽ ഓരോരുത്തർക്കും നമ്മളാൽ തന്നെ ഏറ്റവും നന്നായി ചെയ്താലും പ്രദർശിപ്പിക്കാൻ കഴിയുന്നത് ക്രിസ്തുവിൻറെ വളച്ചൊടിക്കപ്പെട്ടതും അസന്തുലിതമായതുമായ ഒരു ചിത്രം മാത്രമായിരിക്കും. ഏതൊരാളിൻറെയും ഒറ്റയ്ക്കുള്ള ശുശ്രൂഷയ്ക്ക് ഉളവാക്കാൻ കഴിയുന്നത് അസന്തുലിത ക്രിസ്ത്യാനികളെ ആയിരിക്കും.

വ്യത്യസ്തമായ പ്രവർത്തന തീവ്രതയും പ്രകൃതി ഗുണങ്ങളുമുള്ള മറ്റുള്ളവർ ഈ സഭയാകുന്ന ശരീരത്തിലുണ്ട് എന്നതിൽ നാം എത്ര നന്ദിയുള്ളവരായിരിക്കണം. ഉദാഹരണത്തിന്, ഒരേ കൂട്ടം വിശ്വാസികളെ രണ്ടു സഹോദരന്മാർ ശുശ്രൂഷിക്കുകയും, ഒരാളുടെ ഊന്നൽ 'നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ അമിതമായ ഉറപ്പു നിങ്ങൾക്കുണ്ടാകരുത്, കാരണം നിങ്ങൾ നിങ്ങളെത്തന്നെ വഞ്ചിക്കുകയായിരിക്കാം' എന്നും, മറ്റേ സഹോദരൻറെ ഊന്നൽ, 'നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പാക്കുക' എന്നും ആണെങ്കിൽ, ഉപരിതലത്തിൽ അവർ പരസ്പരം വിരുദ്ധമായിരിക്കുന്നതായി തോന്നാം. എന്നാൽ ഈ രണ്ട് ഊന്നലുകളും ആവശ്യമാണ് കാരണം അവരുടെ ശുശ്രൂഷകൾ അന്യോന്യം പുരകങ്ങളാകാൻ കഴിയും. ക്രിസ്തുവിൻറെ ശരീരത്തിൽ നമുക്ക് ഒരുമിച്ചും പ്രവർത്തിക്കുന്ന 'കാൽവനിസ്റ്റു'കളും 'അർമീനിയനു'കളും ഉണ്ടാകുവാൻ കഴിയും. ഓരോരുത്തരും അവരവരുടെ പ്രത്യേകമായ ഊന്നലുകൾ മുന്നോട്ടു കൊണ്ടുവരുന്നു കാരണം ഈ രണ്ടു കാഴ്ചപ്പാടുകളും വേദപുസ്തകത്തിൽ ഉണ്ട്. ചാൾസ് സൈമൺ ഒരിക്കൽ പറഞ്ഞതുപോലെ 'സത്യം മദ്ധ്യത്തിലല്ല, ഒരറ്റത്തുമല്ല, എന്നാൽ രണ്ട് അറ്റങ്ങളിലുമാണ്.' അതുകൊണ്ടു രണ്ട് അറ്റങ്ങളും പ്രദർശിപ്പിക്കുന്ന ആളുകളെ നമുക്കാവശ്യമുണ്ട്.

എല്ലാവരോടും ചേർന്നു പ്രവർത്തിക്കുന്ന വ്യക്തികൾക്കും അതുപോലെ ലജ്ജാലുക്കളായവർക്കും ഇവിടെ ഇടം ഉണ്ട്. വ്യത്യസ്ത പ്രകൃതി ഗുണങ്ങൾക്ക് അന്യോന്യം പൂരകങ്ങളായിരിക്കാൻ കഴിയും. ചില ആളുകൾ അമിത സൂക്ഷ്മതയുള്ളവരായിരിക്കും. വളരെ ഗാഢമായ പര്യാലോചന കൂടാതെ ഒരിക്കലും ഒരു ചുവടു വയ്ക്കാത്തവർ, വരും വരായ്കകളെ തൂക്കി നോക്കിയിട്ടു നീങ്ങണോ വേണ്ടയോ എന്നു വളരെ നാൾ ആലോചിക്കുന്നവരാണവർ. മറ്റുള്ളവർ കൂടുതൽ സ്വതന്ത്രരാണ്, ശ്രദ്ധയില്ലാതെ അനന്തര ഫലങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാതെ ആകാംക്ഷയോടെ മുന്നോട്ടു പായുന്നവരാണവർ. ഈ രണ്ടു തരങ്ങളിലുള്ളവരും (മറ്റു തരത്തിലുള്ളവരും) ക്രിസ്തുവിൻറെ ശരീരത്തിൽ കാണപ്പെടുന്നതു കൊണ്ട്, അവിടെ ഒരു സന്തുലനം ഉണ്ട്. ക്രിസ്തുവിൻറെ ശരീരത്തിൽ ശങ്കയുള്ളവരായ, ആഴത്തിൽ ചിന്തിക്കുന്ന വ്യക്തിത്വങ്ങൾ മാത്രമാണ് ഉള്ളതെങ്കിൽ, അതിൻറെ പരോഗതി വളരെ സാവധാനത്തിലേ ഉണ്ടാകുകയുള്ളു. അതിനു വിപരീതമായി ഈ ശരീരത്തിൽ എടുത്തു ചാട്ടക്കാരായ ഉത്സാഹ ഭരിതന്മാർ മാത്രമാണുള്ളതെങ്കിൽ അവിടെ വളരെയധികം പൂർത്തീകരിക്കപ്പെടാത്ത പദ്ധതികൾ ഉണ്ടായിരിക്കും.

ഓരോ പ്രകൃതി ഗുണത്തിനും അതിൻറേതായ ശക്തിയും ബലഹീനതകളും ഉണ്ട്. വിവിധ പ്രകൃതി ഗുണങ്ങളോടു കൂടിയ വൈവിധ്യമാർന്ന ഒരു ജനം, ക്രിസ്ത്യാനികളായി ഒരുമിച്ചു

പ്രവർത്തിക്കുമ്പോൾ അവർക്ക് ക്രിസ്തുവിൻറെ കൂടുതൽ പൂർണ്ണതയുള്ളതും കൃത്യതയുള്ളതുമായ ഒരു ചിത്രം ലോകത്തിനു കാഴ്ചവയക്കുവാൻ കഴിയും. അതുകൊണ്ട് ഈ ശരീരത്തിലുള്ള ഓരോരുത്തരെയും നമ്മെപ്പോലെ ആക്കാൻ ശ്രമിച്ചു നമ്മുടെ സമയം നഷ്ടപ്പെടുത്തരുത്. ഓരോരുത്തരും അവരവർ തന്നെ ആയിരിക്കാൻ നാം അനുവദിക്കണം. നമ്മുടെ ശക്തികൾ കൊണ്ട് വേറൊരാളിൻറെ ബലഹീനതകളെ എങ്ങനെ താങ്ങാൻ കഴിയും എന്നതിലായിരിക്കണം നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. തിരിച്ച് അവൻറെ ശക്തിക്കു നമ്മുടെ ബലഹീനതകളെ താങ്ങാൻ കഴിയണം. പത്രൊസും യോഹന്നാനും (വിവിധ പ്രകൃതി ഗുണങ്ങളുള്ള പുരുഷന്മാർ) ഒരുമിച്ചു പ്രവർത്തിച്ചതുകൊണ്ട്, അവർക്കു തന്നെത്താൻ എക്കാലവും ചെയ്യാൻ കഴിയുമായിരുന്നതിനെക്കാൾ അധികം മഹത്വം ദൈവത്തിനു കൊണ്ടുവരുവാൻ അവർക്കു കഴിഞ്ഞു. പൗലൊസും തിമൊഥെയോസും തങ്ങളുടെ പ്രകൃതത്തിൽ വിസ്മയാവഹമാം വിധം വ്യത്യസ്തരായിരുന്നവർ എന്നിട്ടും സുവിശേഷത്തിനു വേണ്ടി അദ്ധ്വാനിക്കുവാനും ശക്തിയുള്ള ഒരു ടീം രൂപപ്പെടുത്തുവാനും അവർക്കു കഴിഞ്ഞു.

അത്യുജ്വലമായ ബുദ്ധിയുള്ളവരും അതേസമയം തന്നെ സാധാരണമായ കഴിവുകൾ മാത്രമുള്ള മനസ്സുകളും സഭയിൽ ഉണ്ട്. സ്വാഭാവികമായി, ദൈവത്തിൻറെ സത്യത്തിൻറെ അവരുടെ അവതരണം വ്യത്യസ്തമായിരിക്കും. എന്നാൽ ഒരു തരത്തിൽ ഉള്ളവർ മറ്റുള്ളവരെ നിന്ദിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യരുത്. കാരണം ബുദ്ധിയുള്ളവരും ബുദ്ധിഹീനരും തത്വചിന്തകന്മാരും, വീട്ടമ്മമാരും വിദ്യാർത്ഥികളും കർഷകരും മറ്റുള്ളവരും ഉള്ള ഒരു ലോകത്തിന് സുവിശേഷം നൽകുവാൻ ഈ രണ്ടു കൂട്ടരെയും ക്രിസ്തുവിൻറെ ശരീരത്തിൽ ആവശ്യമുണ്ട്. ദൈവത്തിനു തൻറെ വേലയ്ക്കായി പൗലൊസിനെപ്പോലെ ഒരു പ്രതിഭാശാലിയും പണ്ഡിതനുമായ ഒരാളിനെയും അതുപോലെ തന്നെ പത്രൊസിനെപ്പോലെ പഠിപ്പില്ലാത്ത മുക്കുവനെയും ആവശ്യമുണ്ടായിരുന്നു. അവർക്ക് ഒരേ സുവിശേഷം പ്രസംഗിക്കുന്നതിന് വ്യത്യസ്ത രീതികൾ ഉണ്ടായിരുന്നു. എന്നാൽ ഓരോരുത്തർക്കും ഒരു പ്രത്യേക പങ്കു ചെയ്യാനുണ്ടായിരുന്നു. അവരിലാർക്കും തന്നെ ദൈവം മറ്റെ ആളിലൂടെ ചെയ്ത വേല ഇത്ര നിപുണമായി ചെയ്യുവാൻ കഴിയുമായിരുന്നില്ല.

മാനസാന്തരം ഒരു മനുഷ്യൻറെ ബുദ്ധിപരമായ കഴിവുകളെ വ്യത്യാസപ്പെടുത്തുന്നില്ല. അത് അവൻറെ സാമൂഹ്യ സ്ഥിതിയെ മാറ്റുവാനും അവനെ നിർബന്ധിക്കുന്നില്ല. സാമൂഹ്യമായ പ്രത്യേകതകൾ എല്ലാം ക്രിസ്തുവിൽ അപ്രസക്തമായി തീരുന്നു എങ്കിലും, സുവിശേഷം ഈ ഭൂമിയിലുള്ള സമൂഹത്തിൻറെ ഭിന്ന ജാതീയ സ്വഭാവത്തെ തുടച്ചു മാറ്റുന്നില്ല. ദൈവത്തിനു ഫിലെമോനെപ്പോലെ ധനവാനായ ആരു മനുഷ്യൻറെയും അതുപോലെ തന്നെ ഫിലെമോൻറെ വീട്ടിൽ ദാസനായിരുന്ന ഒനേസിമോസിനെപ്പോലെ ഒരുവൻറെയും ആവശ്യമുണ്ടായിരുന്നു. അവരുടെ സാമൂഹിക നിലയും ജീവിത നിലവാരങ്ങളും മാറ്റമില്ലാതെ നിലനിന്നു. എന്നാൽ അവരിൽ ഓരോരുത്തർക്കും, ക്രിസ്തുവിൻറെ ശരീരം പണിയുന്നതിൽ, മറ്റെയാൾക്ക് ഒരിക്കലും ചെയ്യാൻ കഴിയാത്ത ഒരു പ്രത്യേക സംഭാവന ഉണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് ഒരുമിച്ചു സുവിശേഷത്തിൽ അദ്ധ്വാനിക്കാൻ കഴിഞ്ഞു.

ഒരു ഫാക്ടറിയിൽ നിന്നു പുറത്തു വിടുന്ന മോട്ടോർ കാറുകളെപ്പോലെ ക്രിസ്തുവിൻറെ ശരീരം കൃത്യമായി എല്ലാ വിധത്തിലും ഒരുപോലെയുള്ള ആളുകളെ കൊണ്ട് നിറഞ്ഞിരിക്കണമെന്നു ദൈവം ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. ആ ശരീരത്തിൻറെ തനതായ ശുശ്രൂഷ ആശ്രയിച്ചിരിക്കുന്നത് അതിലെ അംഗങ്ങളുടെ വൈവിധ്യത്തിന്മേലാണ്. എല്ലാവരും ഒരുപോലെ ആയിരുന്നെങ്കിൽ അവിടെ മുരടിപ്പും ആത്മീയ മരണവും ഉണ്ടാകുമായിരുന്നു. നാം തമ്മിലുള്ള ഭിന്നാഭിപ്രായങ്ങൾ പോലും നമ്മുടെ കൂട്ടായ്മയുടെ ആഴം വർദ്ധിപ്പിക്കുവാനും നമ്മെ ആത്മീയ പക്വതയിലേക്കു നയിക്കുവാനുമായി ദൈവത്താൽ ഉപയോഗിക്കപ്പെടാൻ കഴിയും. സദൃശവാക്യങ്ങൾ 27:18 (റ്റി.എൽ.ബി) പറയുന്നത് 'ഇരുമ്പ് കൊണ്ട് ഇരുമ്പിനെ

അടിക്കുമ്പോൾ പാറുന്ന തീപ്പൊരികൾ പോലെ ഉത്തേജകമാണ് സൗഹൃദപരമായ ഒരു ചർച്ച.' അവിടെ തീപ്പൊരികൾ ഉണ്ടാകും. എന്നാൽ ഇരുമ്പിൻറെ രണ്ടു കഷണങ്ങളും മൂർച്ചയുള്ളതായി തീരുന്നു.

ചില സമയങ്ങളിൽ ദൈവം വ്യത്യസ്ത പ്രകൃതി ഗുണങ്ങളുള്ളവരെ ഒരുമിച്ചു തൻറെ വേലയ്ക്ക് ആക്കി വയ്ക്കുന്നു. അതിനു ശേഷം അവർ ഒരുമിച്ച് അദ്ധ്വാനിക്കുമ്പോൾ, അവരുടെ ഇടിയിൽ തീപ്പൊരി പാറിയേക്കാം. എന്നാൽ അത് അവർക്കു മൂർച്ച കൂട്ടാൻ വേണ്ടിയുള്ള ദൈവത്തിൻറെ വഴി ആയിരിക്കാം. ഒരു വ്യക്തി ഇരുമ്പു പോലെയും മറ്റെയാൾ കളിമണ്ണു പോലെയും ആണെങ്കിൽ അവിടെ ഒരു തീപ്പൊരിയും ഉണ്ടായിരിക്കുകയില്ല. മൂർച്ച കൂട്ടലും ഉണ്ടായിരിക്കുയില്ല. അതിനു പകരം കളിമണ്ണിൽ ഇരുമ്പിൻറെ ഒരു മുദ്ര പതിഞ്ഞിരിക്കും. ശക്തമായ ഇഛാശക്തിയുള്ള വ്യക്തിയുടെ അഭിപ്രായം ബലഹീനമായ ഇഛാശക്തിയുള്ളവൻറെ മേൽ അടിച്ചേൽപിക്കുപ്പെടുന്നു, എങ്ങനെ ആയിരുന്നാലും ദൈവത്തിൻറെ ഹിതം ഒരാൾ തൻറെ കാഴ്ചപ്പാടുകൾ മറ്റൊരാളിൻറെ മേൽ അടിച്ചേൽപിക്കുവാനല്ല. എന്നാൽ രണ്ടു പേരും പരസ്പരം മറ്റേ ആളിൽ നിന്നു പഠിക്കണമെന്നതാണ്. നമുക്കു വിയോജിക്കാം. എങ്കിലും അപ്പോഴും നമുക്ക് ഒന്നായിരിക്കാം. അപ്പോഴും നമുക്ക് അന്യോന്യം സ്നേഹിക്കാം എന്നു മാത്രമല്ല, നമുക്കു മുമ്പ് ആയിരുന്നതിനേക്കാൾ കൂടുതൽ ആഴത്തിൽ ഇപ്പോൾ അന്യോന്യം സ്നേഹിക്കാം.